**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **20.06.2019-ൽ മറുപടിക്ക്**

**നമ്പർ.3493**

**പി.എസ്.സി വഴി നടന്ന നിയമനങ്ങൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ.രാജു എബ്രഹാം** **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി സംസ്ഥാനത്ത് എത്ര നിയമനങ്ങളാണ് നടത്തിയതെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി വഴി 1,54,386 (ഒരു ലക്ഷത്തി അമ്പത്തി നാലായിരത്തി മുന്നൂറ്റി എൺപത്തി ആറ്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ വകുപ്പുകളിൽ പുതുതായി സൃഷ്ടിച്ച തസ്തികകളിലെ നിയമനങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിന് കൂടുതൽ തസ്തികകളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് പി.എസ്.സി വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരി-കൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ